Written Answers

വേനനിർമ്മാണവാഗ്ദ്ധ.

* 583 [26] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ.) സംസ്ഥാനത്തിൽ എൻ. ജി. ഒ. മാർക്ക് 1962–63–ൽ വേനനിർമ്മാണവാഗ്ദ്ധയായി എത്ര സംഖ്യ കൊടുത്തിട്ടുണ്ട്;

(ബി) ഓരോജില്ലയിലും എത്ര;

(സി) ഇത്ര നിറുത്തുവാനുള്ള കാരണമെന്ത്?.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 767,630രൂപാ

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഈ പദ്ധതി ഇതേവരെ നിറുത്തിയിട്ടില്ല. പക്ഷെ 31-5-63നു് മുമ്പു് അപേക്ഷിച്ചിട്ടുള്ളവർക്കു് അനുവദിച്ചതിനു ശേഷമേ പുതിയ അപേക്ഷകരം സ്വീകരിക്കുകയുള്ള എന്നു് തീരുമാനിച്ചിട്ടുണ്ടു്.

ഡ്രൈയിനേജസ്കീം.

* 584 [27] ശ്രീമതി ഒ. ടി. ശാരദാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) കോർപ്പറേഷൻ ആയാൽ മാത്രമേ മുനിസിപ്പാലിറ്റികൾക്കു് ഡ്രൈയിനേജ്സ്കീം നടപ്പിൽവരുത്തുവാൻ കേന്ദ്രഗവണ്മെന്റു് ധനസഹായം നൽകുകയുള്ളോ;

(ബി) എങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിൽ കോഴിക്കോട്ടു് കോർപ്പറേഷനു് ഡ്രൈയിനേജസ്കീമിനു് ആവശ്യമായ ഗ്രാന്റനുൽകുവാൻ കേന്ദ്രഗവണ്മെന്റിനോടു് ഈ ഗവണ്മെന്റു് അഭ്യർത്ഥിക്കുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ എം. പി. ഗോവിന്ദൻനായർ):

(എ) കേന്ദ്രഗവണ്മെന്റു് ധനസഹായം നൽകുന്നകാര്യത്തിൽ കോർപ്പറേഷനും മുനിസിപ്പാലിറ്റികളുമായി വിവേചനങ്ങളൊന്നും തന്നെയില്ല. പ്ലാനിംഗ് കമ്മിഷന്റെ അംഗീകാരം ലഭിക്കുകയും പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്ന പദ്ധതികൾക്കു ധനസഹായം ലഭിക്കുന്നതാണു്.

(ബി) കോഴിക്കോട്ടു് ഡ്രൈയിനേജുപദ്ധതി മൂന്നാംപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല അതിനാൽ അടുത്തവർഷത്തിൽ കേന്ദ്രഗവണ്മെന്റിന്റെ സഹായം കിട്ടാൻ സാദ്ധ്യതയില്ല.

ട്രാൻസ്പോർട്ടു ഹൈപ്പവർ കമ്മിറ്റി റിപ്പോർട്ടു്.

* 585 [29] ശ്രീ. ഷംസുദ്ദീൻ. താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ടു ഹൈലെവൽ കമ്മിറ്റി അവരുടെ റിപ്പോർട്ടു എന്നത്തേക്കു സമർപ്പിക്കും;

(ബി) റിപ്പോർട്ടു സമർപ്പിച്ചാലുടൻതന്നെ അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. റാവി. അച്യുതൻ):

(എ) മാർച്ചു് മദ്ധ്യത്തോടുകൂടി ലഭിക്കുമെന്നാണു് പ്രതീക്ഷ

(ബി) ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly